**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ്- കേരള കർഷക കടാശ്വാസ കമ്മിഷന്റെ പേരിൽ എൽ. ഐ. സി., ഇൻകം-ടാക്സ്, എൻ. പി. എസ്. തുടങ്ങിയവ അടയ്ക്കുന്നതിലേക്കായി മാത്രം SBI യുടെ തിരുവനന്തപുരം സിറ്റി ശാഖയിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കുന്നതിനായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ. (സാധാ) നം.9119/2018/ധന.** തിരുവനന്തപുരം, തീയതി **03/11/2018**

പരാമർശം:-
1. 20/10/2018 ലെയും 31/10/2018 ലെയും കേരള കർഷക കടാശ്വാസ കമ്മിഷൻ സെക്രട്ടറിയുടെ പി.എ./6827/18/കെ.എസ്.എഫ്.ഡി.ആർ.സി. നമ്പരായുള്ള കത്ത്.
2. ഭരണവകുപ്പ് ഫയൽ നം.AGRI-AG2/234/2018-AGRI Computer No.991510

**<u>ഉത്തരവ്</u>**

വെൺപാലവട്ടം അഗ്രി അർബൻ മാർക്കറ്റിന് സമീപമുള്ള കേരള കർഷക കടാശ്വാസ കമ്മിഷന്റെ ഓഫീസിന് നിലവിൽ ബാങ്ക് അക്കൗണ്ട് ഇല്ലായെന്നും എന്നാൽ ബാങ്ക് അക്കൗണ്ടിലൂടെ മാത്രമേ എൽ. ഐ. സി., ഇൻകം-ടാക്സ്, എൻ. പി. എസ്. തുടങ്ങിയവ അടയ്ക്കുവാൻ സാധിക്കുകയുള്ളുവെന്നും അതിലേക്കായി എസ്. ബി. ഐ, തിരുവനന്തപുരം ശാഖയിൽ ബാങ്ക് അക്കൗണ്ട് അനുവദിക്കണമെന്നും പരാമർശ കത്ത് പ്രകാരം കേരള കർഷക കടാശ്വാസ കമ്മിഷൻ സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള കർഷക കടാശ്വാസ കമ്മിഷന്റെ പേരിൽ എൽ. ഐ. സി., ഇൻകം-ടാക്സ്, എൻ. പി. എസ്. തുടങ്ങിയവ അടയ്ക്കുന്നതിലേക്കായി മാത്രം SBI യുടെ തിരുവനന്തപുരം സിറ്റി ശാഖയിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കുന്നതിനായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
അണ്ടർ സെക്രട്ടറി (ധനകാര്യം)

പകർപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള കർഷക കടാശ്വാസ കമ്മിഷൻ, അഗ്രി അർബൻ മാർക്കറ്റ്, വെൺപാലവട്ടം,,ആനയറ പി.ഒ. തിരുവനന്തപുരം
കൃഷി വകുപ്പ് (ഭരണവകുപ്പ് ഫയൽ നം.AGRI-AG2/234/2018-AGRI Computer No.991510)
ധന(അഗ്രി-സി)വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ